പറഞ്ഞു പോവുകയാണ്. ക്ഷമിക്കുക. ചെയറിനെ സംബന്ധിച്ച് മറ്റൊരു താൽപര്യവുമില്ല. സഭാനടപടികൾ ചട്ടപ്രകാരവും ഈ സഭയിലെ കീഴ് വഴക്കങ്ങളും മാത്രം വച്ചുകൊണ്ട് നടത്തുക എന്നതല്ലാതെ, അതിനപ്പുറം അൽപവും മുന്നോട്ടു കടക്കാൻ ചെയർ ആഗ്രഹിക്കുന്നില്ല. ഇതുവരെ നടന്നതിൽ എന്തെങ്കിലും അപാകത സംഭവിച്ചുവെങ്കിൽ അത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു പുനരാലോചന നടത്താനും ചെയറിന് യാതൊരു വിരോധവുമില്ല. ഭരണഘടനാപരമായ ബാദ്ധ്യത എന്ന നിലയിൽ സർക്കാരിന്റെ ബിസിനസ്സുകൾ നടത്തുകയാണ് ഈ സന്ദർഭത്തിൽ വളരെ യുക്തിപൂർവ്വം ചെയ്യാൻ കഴിയുന്ന ഒരു കാര്യമെന്ന് ചെയർ കരുതുന്നു. അത് മാത്രമേ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. മറ്റ് കാര്യങ്ങളിലേക്കൊന്നും തന്നെ ഈ സമയത്ത് കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ നടപടിയിൽ ഇനി തുടർന്നു നടത്തേണ്ട സർക്കാരിന്റെ ചില ഒദ്യോഗിക ബിസിനസ്സുകളുണ്ട്. അതു മാത്രം ഇവിടെ പരിഗണനയിൽ വരുന്നതാണ്. പരിഗണനയ്ക്ക് എടുക്കുന്നതാണ്.

VI ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെപ്പും

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001				
		27-3-2000-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
II	സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ	33,83,30,000	..	67,66,60,000	..	67,66,60,000

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ, എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിലേക്കായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു. (പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ഈ സമയം മുഴുവൻ എഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുകയും പിൻനിരയിലെ പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, നിയമസഭാ ചട്ടം 236 (3) അനുസരിച്ചുള്ള ധനാഭ്യർത്ഥന നമ്പർ II -നെ സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. †(അനുബന്ധമായി ചേർത്തിട്ടുണ്ട്.)

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ .....ഓർഡർ...മറ്റ് ബിസിനസ്സുകൾ ഒന്നുമില്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000-ജൂൺ മാസം 21-ാം തീയതി ബുധനാഴ്ച 8.30 ന് രാവിലെ വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly